**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 5916** **28.10. 2011-ൽ മറുപടിക്ക്.**

**ബ്രീത്ത് അനലൈസർ, ആൽക്കോമീറ്റർ എന്നിവ എല്ലാ പോലീസ് സ്റ്റേഷനിലും ലഭ്യമാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. അജിത് | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) പോലീസ് വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ട് 2010-11 വർഷത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; | : (എ) പോലീസ് വകുപ്പിന്റെ നവീകരണത്തിനായി 2010-11 സാമ്പത്തിക വർഷത്തിൽ 41,39,81,544/-രൂപ (നാൽപ്പത്തി ഒന്ന് കോടി മുപ്പത്തി ഒൻപത് ലക്ഷത്തി എൺപത്തി ഒന്നായിരത്തി അഞ്ഞൂറ്റി നാൽപ്പത്തിനാല് രൂപ) ചെലവഴിച്ചിട്ടുണ്ട്. |
| (ബി) നവീകരണത്തിന്റെ ഭാഗമായി ബ്രീത്ത് അനലൈസർ, ആൽക്കോമീറ്റർ എന്നിവ കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനിലും ലഭ്യമാക്കിയിട്ടുണ്ടോ ; ഇല്ല എങ്കിൽ പ്രസ്തുത ഉപകരണങ്ങൾ എല്ലാ പോലീസ് സ്റ്റേഷനിലും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | : (ബി) ഇല്ല. ലഭ്യമാക്കിയിട്ടില്ലാത്ത എല്ലാ പോലീസ് സ്റ്റേഷനുകളിലും മേൽപ്പറഞ്ഞ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

(.........2)

(സി) സെൻട്രിയർലി ബുക്ക്, പോലീസുകാരുടെ നോട്ട് ബുക്ക് എന്നിവ എല്ലാ പോലീസ് സ്റ്റേഷനുകളിലും കൃത്യസമയത്തുതന്നെ ലഭ്യമാക്കാറുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

: (സി) സെൻട്രി റിലീഫ് ബുക്ക്, പോലീസുകാരുടെ നോട്ട് ബുക്കുകൾ എന്നിവ സർക്കാർ പ്രസ്സിൽ നിന്നും അച്ചടിച്ച് കിട്ടുന്നതനുസരിച്ച് എല്ലാ പോലീസ് സ്റ്റേഷനുകളിലും ലഭ്യമാക്കിവരുന്നു.

(ഡി) എല്ലാ പോലീസ് സ്റ്റേഷനുകളിലും ഉള്ള ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണത്തിന്റെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

: (ഡി) ഇല്ല. ഓപ്ഷൻ നൽകുവാൻ വൈകുകയോ മറ്റു സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുകയോ ചെയ്തിട്ടുള്ള ഉദ്യോഗസ്ഥർക്കാണ് ഈ ആനുകൂല്യം നൽകാൻ കാലതാമസം നേരിട്ടിട്ടുള്ളത്. ആനുകൂല്യങ്ങൾ എത്രയും വേഗം നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ